EDUCATION ADVISORY COMMITTEE

395. മിസ്റ്റർ പി. നാരായണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗമ്മെണ്ട സദയം മറുപടി പറയുമോ.—

(എ) വിദ്യാഭ്യാസ വകുപ്പിനോട അനുബന്ധിച്ചു ഇപ്പോൾ എത്ര ഔദ്യോഗികാനൌദ്യോഗിക കമ്മിറ്റികൾ പ്രവൃത്തിച്ചുവരുന്നുണ്ട്;

(ബി) ഈ കമ്മിറ്റികൾ ഏതെല്ലാമാണ്;

(സി) ഇവ ഓരോന്നും രൂപീകരിക്കുന്നതിനുള്ള അധികാരം ആർക്കാണ്;

(ഡി) ഓരോ കമ്മിറ്റിയുടേയും ചുമതലകൾ എന്തെല്ലാം ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ൽ.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. (Appendix IV.)

(സി) ഗവമ്മെണ്ടിനു.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു. (Appendix V.)

മിസ്റ്റർ പി. നാരായണമേനോൻ : ഈ കമ്മിറ്റികളിലെ അംഗങ്ങളെയെല്ലാം നോമിനേറ്റ ചെയ്യുകയാണോ ചെയ്യുന്നത്?.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ചില കമ്മിറ്റിയിലെ അംഗങ്ങൾ നോമിനേറ്റ ചെയ്യുന്നവരാണ്, ചിലതിലെ അംഗങ്ങൾ തിരഞ്ഞെടുക്കപ്പെടുന്നവരാണ്.

മിസ്റ്റർ പി. നാരായണമേനോൻ : ഏതെല്ലാം കമ്മിറ്റിയിലെ അംഗങ്ങളെയാണ തിരഞ്ഞെടുക്കുന്നത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : വിദ്യാഭ്യാസോപദേശകകമ്മിറ്റി, മഹാരാജാസ് കോളേജ് ഉപദേശകകമ്മറ്റി മുതലായ കമ്മിറ്റിയിലെ അംഗങ്ങൾ തിരഞ്ഞെടുക്കപ്പെടുന്നവരാണ്.

മിസ്റ്റർ പി. നാരായണമേനോൻ : മഹാരാജാസ് കോളേജ് ഉപദേശകകമ്മിറ്റിയിലെ അംഗങ്ങളെ എവിടെ നിന്നാണ തിരഞ്ഞെടുക്കുന്നത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : നിയമസഭയിൽനിന്നു.

മിസ്റ്റർ പി. നാരായണമേനോൻ : വിദേശങ്ങളിലേക്ക പോകുന്ന വിദ്യാർത്ഥികളെ ഉപദേശിക്കാനായി ഒരു കമ്മിറ്റിയെ സ്ഥാപിച്ചിട്ടുണ്ടല്ലോ; അവർ അതു വിദേശത്തേക്ക പോകുന്ന വിദ്യാർത്ഥികൾക്ക മാത്രമേ ഉപദേശം കൊടുക്കാറുള്ളോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അതെ. വിദേശരാജ്യങ്ങളിൽ പഠിയ്ക്കാൻ പോകുന്ന വിദ്യാർത്ഥികൾക്ക് അവിടത്തെ ചില സംഗതികളെ സംബന്ധിച്ച് ഇൻഫർമേഷൻ കൊടുക്കുന്നതു ഈ കമ്മിറ്റിയാണ്.

PERMITS FOR EXTRA SUGAR

396. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

പ്രത്യേക ചീട്ടുപ്രകാരമുള്ള പഞ്ചസാരക്ക ഇരട്ടി വില പ്രയോഗത്തിൽ വരുന്നതിനുമുള്ള രണ്ടാഴ്ചവട്ടത്തിൽ പത്തു റാത്തലും അതിൽ കൂടുതലും പഞ്ചസാരക്ക കൊച്ചീരാജ്യത്താകെ ആർക്കെല്ലാമാണ് പെർമിറ്റ കൊടുത്തിട്ടുള്ളത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പെർമിറ്റ കൊടുക്കപ്പെട്ടിട്ടുള്ളവരുടെ ഒരു ലിസ്റ്റ് മേശപ്പുറത്തു വെച്ചിരിക്കുന്നു.

മിസ്റ്റർ കെ. എ. രാഘവൻ : ചിലർക്ക് ൻ൦-൦, യ൦-൦, ന൦-൦ റാത്തൽ പഞ്ചസാരക്ക പെർമിറ്റ കൊടുത്തിട്ടുണ്ടെന്നു കാണുന്നു. ഇതു അവരുടെ ആവശ്യത്തിനുതന്നെ ഉപയോഗിക്കാനാണോ പെർമിറ്റ കൊടുത്തതു എന്നു അന്വേഷിച്ചിട്ടുണ്ടോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഫുഡ് ഡിപ്പാർട്ടുമെണ്ടിൽനിന്നാണ് പെർമിറ്റ കൊടുത്തതു. അതുകൊണ്ടു നോട്ടീസ്സുകൂടാതെ പറയാൻ സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX III

(Please see answer to Question No. 389)

Name of crop	Yield obtained	Expenditure incurred Rs.	A.	P.	Value of yields obtained Rs.	A.	P.
Potatoes	66,781 lbs.	16,970	5	6	10,434	8	6
Cholam	Crop failed	620	11	10	Nil		
Cow-pea	do.	116	6	3	Nil		
Ragi	531 paras	5,440	8	3	1,105	2	6
Field beans	Crop failed	1,055	15	2	Nil		
Chama	86 paras	370	14	1	130	0	0
Horse-gram	60 paras	3,284	1	4	250	0	0
Red gram	Crop failed	92	8	8	Nil		
Sweet potato	4,094 lbs.	92	14	9	167	0	4

APPENDIX IV

(Please see answer to Question No 395)

ക. വിദ്യാഭ്യാസ ഉപദേശകകമ്മിറ്റി.
ഖ. പാഠപുസ്തകക്കമ്മിറ്റി.
ഗ. പബ്ലിക്ക പരീക്ഷാബോർഡ്.
ഘ. സംസ്കൃത കോളേജ് കമ്മിറ്റി.
ങ. ബാലഭോജനനിധി സെൻട്രൽ കമ്മിറ്റി.
ച. നിർവ്വാഹകക്കമ്മിറ്റി.
ഛ. വിദ്യാർത്ഥി ഉപദേശകസമിതി (Students' Advisory Bureau).
ജ. മഹാരാജാസ് കോളേജ് ഉപദേശകക്കമ്മിറ്റി.
ഝ. മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട ഉപദേശകക്കമ്മിറ്റി.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX V

(Please see Answer to Question No 395)

കമ്മിറ്റികളുടെ ചുമതലകൾ

ക. വിദ്യാഭ്യാസ വകുപ്പിന്റെ അഭേയത്തിനും, ക്രമീകരണങ്ങൾക്കും വേണ്ട ഉപദേശങ്ങൾ നൽകുക.

ഖ. പാഠപുസ്തകങ്ങൾ വരുത്തി പരിശോധിക്കുകയും ഏതേതു ക്ലാസ്സുകളിലേക്കു അനുയോജ്യമെന്നു് നിശ്ചയിച്ചു ഗവണ്മെണ്ടിലേക്കു ശുപാർശ ചെയ്യുകയുമാണു് പ്രധാന ചുമതല.

ഗ. പബ്ലിക്ക പരീക്ഷകൾക്കു പരിശോധകന്മാരെ (പരീക്ഷകന്മാർ) നിശ്ചയിക്കുക, പരീക്ഷാസെൻറുകൾ തീർച്ചപ്പെടുത്തുക, മുതലായവക്കു വേണ്ട ഏർപ്പാടുകൾ ചെയ്യുക.

ഘ. കോളേജിന്റെ നടത്തിപ്പിനുവേണ്ട ഉപദേശങ്ങൾ നൽകുക.

ങ. നിധിയുടെ നടത്തിപ്പിനുവേണ്ട ഉപദേശങ്ങൾ നൽകുക.

ച. നിധിയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുക.

ഛ. വിദേശവിദ്യാഭ്യാസത്തിനുപോകുന്ന വിദ്യാർത്ഥികൾക്കു വേണ്ട സഹായ ഉപദേശങ്ങൾ നൽകൽ.

ജ. വിദ്യാർത്ഥികളുടെ പ്രവേശനത്തിനുള്ള ചട്ടങ്ങളുണ്ടാക്കുക, ആവശ്യമായി വരുമ്പോൾ ഭേദഗതികൾ വരുത്തുക, ലബോറട്ടറി, ലൈബ്രറി ഉപകരണങ്ങൾ വർദ്ധിപ്പിക്കൽ, കോളേജു ഹോസ്റ്റലുകൾ മുതലായവക്കു വേണ്ട സ്ഥലസൌകര്യങ്ങളെപ്പറ്റി ആലോചിച്ചു ഉപദേശിക്കുക, മുതലായ കോളേജു ഭരണകാര്യങ്ങളിൽ വേണ്ട ഉപദേശങ്ങൾ നൽകൽ.

ഝ. ഇൻസ്റ്റിറ്റ്യൂഷന്റെ പൊതുവായുള്ള മേന്മക്കും, അഭിവൃദ്ധിക്കും വേണ്ട ഉപദേശങ്ങൾ കൊടുക്കുക, അതിന്റെ നടത്തിപ്പിനുവേണ്ടി പ്രസിഡണ്ടോ, മറ്റു മെമ്പന്മാരൊ കൊണ്ടുവരുന്ന നിർദ്ദേശങ്ങളെപ്പറ്റി ആലോചിക്കുക മുതലായവ.

LIBRARY ARCHIVES Kerala Legislative Assembly